ഭരണഭാഷ - മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ പൂർണ്ണ അധികച്ചുമതലയുള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ജോമോൻ.കെ. ജോർജ് , ബി.ടെക്)

**ഉത്തരവ് : നമ്പർ എച്ച്.ഇ.സി.ഇ/53/2021/ബി1 തീയതി : 25/06/2021**

വിഷയം :- ജീവനക്കാര്യം - ഹാർബർ എൻജിനീയറിംഗ് വകുപ്പ് - ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1 ശ്രീമതി.സജിന.എ, എൽ.ഡി.ടൈപ്പിസ്റ്റിന്റെ 10/01/2021 തീയതിയിലെ അപേക്ഷ.

2 ശ്രീ.ബിനിസ് ഗോപാൽ.ആർ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 05/01/2021 തീയതിയിലെ അപേക്ഷ.

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ആയിരുന്ന ശ്രീമതി. എൽ.രമണി 30/04/2021 ന് സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. ഷൈമ.എം. ന് സ്ഥാനക്കയറ്റം നൽകി നിയമിച്ചതിനാൽ ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഹാർബർ എൻജിനീയറിംഗ് വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥലം മാറ്റത്തിനായി പരാമർശ പ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എൻജിനീയറിംഗ് തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.സജിന.എ-യെ ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിൽ ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

ഹാർബർ എൻജിനീയറിംഗ് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.ബിനിസ് ഗോപാൽ ആർ-നെ തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.സജിന.എ-യെ സ്ഥലം മാറ്റിയ ഒഴിവിൽ നിയമിക്കുന്നു.

ഒപ്പ്
ചീഫ് എൻജിനീയറുടെ പൂർണ്ണ
അധിക ചുമതലയുള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക്
(ഓഫീസ് മേധാവി മുഖേന)

പകർപ്പ് : 1. സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ദക്ഷിണമേഖല, തിരുവനന്തപുരം.

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം/കൊല്ലം
3. സ്റ്റോക്ക് ഫയലിലേക്ക്, വെബ് സൈറ്റിലേയ്ക്ക് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ